# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2003 ജനുവരി 30, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

20 (*61 *67) മൂല്യവർദ്ധിത നികുതി സമ്പ്രദായം

ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) നൽകിയ മറുപടിയിൽ, മൂല്യ വർദ്ധിത നികുതി സമ്പ്രദായം സംസ്ഥാനത്ത് 1.4.2003 മുതൽ നടപ്പിലാക്കാനാണുദ്ദേശിക്കുന്നതെന്ന് സഭയെ അറിയിച്ചു. ഈ സമ്പ്രദായം സംസ്ഥാനത്തു നടപ്പിലാക്കുമ്പോൾ വാങ്ങൽ ഘട്ടത്തിലുള്ള നികുതിയിലും അസംസ്കൃത പദാർത്ഥങ്ങൾക്കുള്ള വാങ്ങൽ നികുതിയിലും കിഴിവനുദിക്കുന്നതുമൂലമുണ്ടാകുന്ന റവന്യൂ നഷ്ടത്തിന്റെ 100% ഒന്നാം വർഷത്തിലും 75% രണ്ടാം വർഷത്തിലും 50% മൂന്നാം വർഷത്തിലും കേന്ദ്രഗവൺമെന്റ് നികത്താമെന്നും സർവീസുകൾക്കും അഡീഷണൽ എക്സൈസ് ഡ്യൂട്ടി ചുമത്തിവരുന്ന ഇനങ്ങളായ പഞ്ചസാര, തുണിത്തരങ്ങൾ, പുകയില എന്നിവയ്ക്ക് നികുതി ഏർപ്പെടുത്താനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് നൽകാമെന്നും ഏകദേശ ധാരണയായിട്ടുണ്ട്. ഇതു നടപ്പിലാക്കുന്നതുമൂലം നിലവിലുള്ള നികുതി ഘടന ലഘൂകരിക്കുന്നതിനും

നികുതിയിൻമേൽ നികുതി ഈടാക്കുന്നതു തടയുന്നതിനും എല്ലാ സംസ്ഥാനങ്ങളിലും സാധനങ്ങൾ ഏകദേശം ഒരേ നിരക്കിന് വിൽക്കുന്നതിനും നികുതി സംമ്പ്രദായം ലളിതവും സുതാര്യവുമാക്കുന്നതിനും സാധിക്കും. മൂല്യ വർദ്ധിത നികുതി നടപ്പിലാക്കുന്നതിനെക്കുറിച്ച് വിവിധ തലങ്ങളിലും ഇതിനുവേണ്ടി നിയോഗിച്ച എമ്പവേർഡ് കമ്മിറ്റി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുമായും നിരവധി തവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ഇനിയും പഠനങ്ങൾ ആവശ്യമാണ്; അന്തിമരൂപമായിട്ടില്ല. കച്ചവടക്കാർക്കും ഉപഭോക്താക്കൾക്കും സംസ്ഥാനത്തിനും ദോഷകരമല്ലാത്ത തീരുമാനമായിരിക്കും ഗവൺമെന്റ കൈക്കൊള്ളുന്നത്. ഈ നികുതി സംമ്പ്രദായം നടപ്പിലാക്കുന്നതുമൂലം കേരളത്തിലെ ചെറുകിട വ്യവസായങ്ങളേയും പരമ്പരാഗത വ്യവസായങ്ങളേയും എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ച് പഠിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ചെറുകിട കർഷകരെ ഇത് യാതൊരുവിധത്തിലും ബാധിക്കുകയില്ല. ഇതുമൂലമുണ്ടാകുന്ന റവന്യൂ നഷ്ടം നികത്താനുതകുന്നതും സംസ്ഥാനങ്ങൾക്ക് ദോഷകരമല്ലാത്തതുമായ വിധത്തിൽ നികുതിഘടനയിൽ മാറ്റം വരുത്താൻ കേന്ദ്രഗവൺമെന്റിനോട് മുഖ്യമന്ത്രിമാരുടേയും ധനകാര്യ വകുപ്പു മന്ത്രിമാരുടേയും യോഗങ്ങളിൽ നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് മൂല്യ വർദ്ധിത നികുതി സംബന്ധിച്ച് കച്ചവടക്കാരെയും സാധാരണ ജനങ്ങളെയും ബോധവൽക്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഈ സംപ്രദായം നടപ്പിലാക്കുന്നതിനു മുമ്പ് വിൽപ്പന നികുതി ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

21 (*62, *90) <u>സൂപ്പർലോട്ടോ മാതൃകയിൽ ഓൺലൈൻ ലോട്ടറി ആരംഭിക്കുവാൻ നടപടി</u>

ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി നൽകിയ മറുപടിയിൽ, കേരള

ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഇതിന്റെ സാദ്ധ്യതകളെക്കുറിച്ച് വിശദമായി പരിശോധിക്കുന്നതിനായി ധനകാര്യവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിമാരുടെ ഉന്നതാധികാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതു നടപ്പിലാക്കുന്നതു സംബന്ധിച്ച നിയമനിർമ്മാണം പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. സൂപ്പർ ലോട്ടോയുടെ ആവിർഭാവം കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനയെ ചെറിയ തോതിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ലോട്ടറി നിരോധനം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ ആലോചിച്ചിട്ടില്ല. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ലോട്ടറിവിൽപ്പനയും ലൈവ് ലോട്ടറിയും കേരളത്തിൽ നിരോധിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്. ഓൺലൈൻ ലോട്ടറിക്ക് യാതൊരു വിധ നികുതിയും ഈടാക്കുന്നില്ലെന്നും ഇതിന് ലൈസൻസ് ഫീസ് ഏർപ്പെടുത്തുന്ന കാര്യം നിയമ നിർമ്മാണ സമയത്ത് ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

22 (*63) എ.ഡി.ബി. വായ്പ ചെലവഴിക്കാനുദ്ദേശിക്കുന്ന മേഖലകൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, എ.ഡി.ബി. വായ്പാ കരാർ കേന്ദ്ര ഗവൺമെന്റും എ.ഡി.ബി.യും തമ്മിൽ ഒപ്പിട്ടു കഴിഞ്ഞുവെന്നും ഈ കരാർ പ്രകാരം സംസ്ഥാന സർക്കാരിന് 250 മില്യൻ ഡോളറാണ് ലഭിക്കുന്നതെന്നും സഭയെ അറിയിച്ചു. ഇതിന്റെ ആദ്യ ഗഡുവായി ലഭിച്ച 125 മില്യൻ ഡോളർ (601.30 കോടി രൂപ) ഗവൺമെന്റിന്റെ സാമ്പത്തിക പരിഷ്ക്കാരങ്ങൾക്കും ഭരണ നവീകരണത്തിനുമാണ് ചെലവഴിക്കുന്നത്. എ.ഡി.ബി. വായ്പ അനുവദിക്കുന്നതിന് ബാങ്ക് പ്രത്യേക നിബന്ധനകൾ മുന്നോട്ടുവച്ചിട്ടുണ്ടെന്നും കരാറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വികേന്ദ്രീകരണം, ആസൂത്രണം എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള പ്രൊവിഷനുണ്ടെന്നും ഉപ ചോദ്യങ്ങൾ ക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

കൃഷിയും കയറും വകുപ്പു മന്ത്രി (ശ്രീമതി കെ.ആർ. ഗൗരി അമ്മ) നൽകിയ മറുപടിയിൽ, ആഗോളവൽക്കരണത്തിന്റേയും ഉദാരവൽക്കരണത്തിന്റേയും ഫലമായും വിവിധ കാർഷിക വിളകളുടെ ഇറക്കുമതിയിൽ വർദ്ധനവുണ്ടായതു കാരണവും മറ്റു വിവിധ കാരണങ്ങളാലും 2000–ത്തിലും 2001–ലും കേരളത്തിലെ മിക്ക കാർഷിക വിളകൾക്കും ഗുരുതരമായ വിലയിടിവുണ്ടായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സർക്കാർ നടത്തിയ ഇടപെടലുകളുടേയും മറ്റ് സാങ്കേതിക കാരണങ്ങളുടേയും ഫലമായി മിക്ക വിളകളുടേയും വില നിലവാരം ഇപ്പോൾ ഗണ്യമായി ഉയർന്നിട്ടുണ്ട്. നെല്ല് സംഭരിക്കുന്നതിന് ആവശ്യമായ തുക കൊടുത്തിട്ടുണ്ട്. കാപ്പിയുടെ വില ഉയർത്തുന്നതിനാവശ്യമായ ചില നടപടികളെടുത്തിട്ടുണ്ട്. അടയ്ക്ക സംഭരിക്കുന്നതിനാവശ്യമായ പണം കൊടുത്ത് 2003 ജനുവരി മുതൽ സംഭരിക്കാൻ നിർദ്ദേശം കൊടുക്കുകയും അടയ്ക്കയുടെ വിലനിലവാരം മെച്ചപ്പെടുത്താനുതകുന്നവിധത്തിലുള്ള പ്രോജക്ട് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കുരുമുളകിന്റെ വിലനിലവാരം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് അഗ്രികൾച്ചർ പ്രൈസസ് കമ്മിഷൻ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് അതു പരിശോധിച്ച് ആവശ്യമായ നടപടികളെടുക്കുന്നതാണെന്നും വിവിധ രോഗബാധമൂലമാണ് നാളികേരത്തിന്റെ ഉൽപാദനം കുറഞ്ഞതെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

24 (*65) <u>വനസംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾ</u>

വനവും സ്പോർട്സും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ 69 വനിതകൾ വനസംരക്ഷണത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്നും അവരുടെ ജോലി സമയം

25 (*66) എ.ഡി.ബി. യുടെ ധനസഹായം

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, ഏഷ്യൻ ഡവലപ്മെന്റ് .ബാങ്കുമായി സംസ്ഥാന സർക്കാർ 16–12–2002–ൽ കരാർ ഒപ്പുവച്ചുവെന്ന് അറിയിച്ചു. ഈ കരാറിന്റെ അടിസ്ഥാനത്തിൽ 200 മില്ല്യൺ ഡോളർ എ.ഡി. .ബി. വായ്പയായും 50 മില്ല്യൺ ഡോളർ ഡച്ച് ഗവൺമെന്റിൽ നിന്നും ഗ്രാന്റായും കേന്ദ്ര ഗവൺമെന്റിന് ലഭിക്കുന്നു. ഇതിന്റെ 30% ഗ്രാന്റായും 70% വായ്പയായും സംസ്ഥാനത്തിന് ലഭിക്കുന്നു.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

10 (323) സംസ്ഥാനത്തിന്റെ പൊതു കടം

സംസ്ഥാനത്തിന്റെ 31–10–2002 വരെയുള്ള പൊതു കടം താല്ക്കാലിക കണക്കുപ്രകാരം 27,965.20 കോടി രൂപയാണ്.

11 (324) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച വിവിധ ഗ്രാന്റുകളും ലോണുകളും

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സർക്കാരിൽ നിന്നും 1130.34 കോടി രൂപ ലോണായും 1369.74 കോടി രൂപ ഗ്രാന്റായും ലഭിച്ചു.

12 (326) 2001–2002–ലെ ബഡ്ജറ്റ് എസ്റ്റിമേറ്റനുസരിച്ചുള്ള റവന്യൂ വരുമാനം

2002–2003 സാമ്പത്തിക വർഷത്തെ എസ്റ്റിമേറ്റനുസരിച്ച് റവന്യൂ വരുമാനം 11692.91 കോടി രൂപയാണ്.

13 (340) <u>പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം</u>

ഈ സാമ്പത്തിക വർഷം സർക്കാർ, കേരളാ സ്റ്റേറ്റ് സാലിസിലേറ്റ് ആന്റ് കെമിക്കൽസ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ്, സീതാറാം ടെക്സ്റ്റയിൽസ്, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനിയറിംഗ് കമ്പനി, കെൽട്രോണും അനുബന്ധ സ്ഥാപനങ്ങളും, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയ്ക്കു പുറമെ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

14 (351) <u>സെയിൽസ് ടാക്സ് കുടിശ്ശിക</u>

31–12–2002–ലെ കണക്കനുസരിച്ച് സെയിൽസ് ടാക്സ് കുടിശ്ശികയായി 1758.04 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

15 (354) <u>വില്പന നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക</u>

ഈ സാമ്പത്തിക വർഷം (31–12–2002 വരെ) ചെക്ക്പോസ്റ്റുകളൊഴിച്ച് വില്പന നികുതി ഇനത്തിൽ 3467.66 കോടി രൂപ പിരിഞ്ഞു കിട്ടി.

16 (355) <u>സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റുകൾ</u>

സംസ്ഥാനത്ത് 44 സ്ഥിരം സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റുകളും 11 താല്ക്കാലിക ചെക്ക്പോസ്റ്റുകളും നിലവിലുണ്ട്.

17 (382) <u>അനധികൃത മദ്യവ്യാപാരവും കള്ളവാറ്റും</u>

സംസ്ഥാനത്ത് 2002–ൽ അനധികൃത മദ്യവ്യാപാരവും കള്ളവാറ്റും സംബന്ധിച്ച് എക്സൈസ് വകുപ്പ് 3932 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

18 (383) <u>എക്സൈസ്, രജിസ്ട്രേഷൻ, വാഹന നികുതി എന്നീ ഇനങ്ങളിലുണ്ടായ വരുമാനം</u>

2002 ഏപ്രിൽ മുതൽ 2002 ഡിസംബർ വരെ സംസ്ഥാനത്ത് എക്സൈസ് ഇനത്തിൽ 446,71,50.331 രൂപയും വാഹന നികുതി ഇനത്തിൽ 316,05,72.215 രൂപയും രജിസ്ട്രേഷൻ ഇനത്തിൽ 385.42 കോടി രൂപയും വരുമാനമുണ്ടായി.

19 (385) <u>വിദേശമദ്യഷാപ്പ്, കള്ളുഷാപ്പ്, ബാർഹോട്ടൽ എന്നിവയുടെ വിവരങ്ങൾ</u>

സംസ്ഥാനത്ത് ഇപ്പോൾ 300 വിദേശമദ്യഷാപ്പുകളും 4356 കള്ളുഷാപ്പുകളും 484 ബാർഹോട്ടലുകളുമുണ്ട്.

20 (401) <u>സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി</u>

സംസ്ഥാനത്ത് സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനത്തിൽ സുതാര്യതയും കാര്യക്ഷമതയും കൈവരിക്കുന്നതിനുള്ള ഇ–ഗവേണൻസ് പദ്ധതിയുടെ ആദ്യഘട്ടമായി അഞ്ചു കോടി രൂപയുടെ ഒരു കമ്പ്യൂട്ടർവൽക്കരണ പദ്ധതി നടപ്പിലാക്കി വരുന്നു. ഉപഭോക്താക്കളുടെ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം കണക്കിലെടുത്ത് സെക്രട്ടേറിയറ്റിൽ ഇതിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. വിപുലമായ ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾക്കും രൂപം നൽകി വരികയാണ്. റേഷൻ വ്യാപാരികൾക്കുള്ള കമ്മിഷൻ 2002 ഡിസംബറിൽ വർദ്ധിപ്പിച്ചു നൽകുകയുണ്ടായി.

21 (423) കാർഷികമൊത്ത വിപണികൾ

സംസ്ഥാനത്ത് ആനയറ (തിരുവനന്തപുരം), മരട് (എറണാകുളം), വേങ്ങേരി (കോഴിക്കോട്) എന്നിവിടങ്ങളിൽ മൂന്ന് നഗര കാർഷികമൊത്ത വ്യാപാര വിപണികളും നെടുമങ്ങാട് (തിരുവനന്തപുരം), മൂവാറ്റുപുഴ (എറണാകുളം), സുൽത്താൻ ബത്തേരി (വയനാട്) എന്നിവിടങ്ങളിൽ മൂന്ന് ഗ്രാമ കാർഷിക മൊത്ത വ്യാപാര വിപണികളും നിലവിലുണ്ട്. കേരളത്തിലെ കാർഷിക വിപണന സമ്പ്രദായം മെച്ചപ്പെടുത്തുക, കാർഷികോല്പന്നങ്ങൾ സംഘടിതമായും വളരെ ഫലപ്രദമായും കൈകാര്യം ചെയ്യുക എന്നുള്ളതാണ് ഇവയുടെ ഉദ്ദേശലക്ഷ്യങ്ങൾ.

........